# പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 3094 | 15.12.15 ൽ - മറുപടിക്ക്

## പുതുക്കിയ റേഷൻകാർഡ് വിതരണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. കെ.എൻ.എ. ഖാദർ : | | ശ്രീ. അനൂപ് ജേക്കബ് (ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും, രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
| (എ) | പുതുക്കിയ റേഷൻ കാർഡ് വിതരണത്തെ സംബന്ധിച്ച പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | റേഷൻകാർഡ് വിതരണത്തെ സംബന്ധിച്ച് പരാതികളില്ല. കരട് അപേക്ഷ ഫോമുകളെ കുറിച്ചാണ് പരാതി വന്നിട്ടുള്ളത്. |
| (ബി) | അപേക്ഷകർക്ക് യഥാസമയം റേഷൻകാർഡ് വിതരണം ചെയ്യാൻ കഴിയാതെ വന്നിട്ടുണ്ടോ; എങ്കിൽ അത് ഗുരുതരമായ ഒരു വീഴ്ചയായി കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ അത്തരമൊരു വീഴ്ചയ്ക്ക് കാരണമെന്താണ്; | (ബി) | 31.03.16 മുതൽ പുതിയ കാർഡുകൾ വിതരണം ചെയ്യാനാണ് ഉദ്ദേശിക്കുന്നത്. ഇപ്പോൾ നിലവിലുള്ള കാർഡിൽ എല്ലാ ആനുകൂല്യങ്ങളും കാർഡുടമയ്ക്ക് ലഭിക്കുന്നുണ്ട്. മാത്രമല്ല, പുതിയ വീടുകളിലേക്ക് താമസം മാറുന്നവർക്ക് 6 മാസത്തേക്ക് താൽക്കാലിക കാർഡുകൾ നൽകുന്നുണ്ട്. ആയതിനാൽ ജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാവുന്നില്ല. |
| (സി) | റേഷൻകാർഡ് പുതുക്കുന്നതിനുള്ള അപേക്ഷാഫോറം വിതരണം മുതൽ പുതിയ കാർഡിലെ തെറ്റ് തിരുത്തൽ വരെയുണ്ടായ കാര്യക്ഷമതയില്ലായ്മ പൊതുജനങ്ങൾക്ക് വളരെയേറെ ബുദ്ധിമുട്ടുകൾ സൃഷ്ടിച്ചിട്ടുണ്ടെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ഇല്ല. പൊതുജനങ്ങൾക്ക് അപേക്ഷാ ഫാറങ്ങൾ അവരവരുടെ റേഷൻ കടയിലൂടെയാണ് വിതരണം ചെയ്തിരുന്നത്. ഫോട്ടോ ക്യാമ്പുകൾ റേഷൻ കടകളുടെ സമീപത്തായാണ് സംഘടിപ്പിച്ചിരുന്നത്. ഇതിനുപുറമേ മൊബൈൽ ഫോട്ടോ യൂണിറ്റുകൾ പ്രവർത്തിപ്പിച്ചിരുന്നു. ക്യാമ്പുകളിൽ ഫോട്ടോ എടുക്കാൻ സാധിക്കാത്തവർക്ക് പഞ്ചായത്തുകൾ കേന്ദ്രീകരിച്ചും താലൂക്ക് സപ്ലൈ ഓഫീസുകൾ കേന്ദ്രീകരിച്ചും സൗകര്യങ്ങൾ ഏർപ്പെടുത്തിയിരുന്നു. വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിട്ടും രേഖകൾ സമർപ്പിച്ചതിൽ അപാകതകൾ ബോദ്ധ്യപ്പെട്ടതിനാൽ തെറ്റുകൾ തിരുത്തുന്നതിനായി ഓൺലൈൻ സൗകര്യം നൽകിയതിനുപുറമേ ഡാറ്റാ എൻട്രി ഫോറത്തിന്റെ പകർപ്പ് അവരവരുടെ റേഷൻ കടകളിലൂടെ നൽകി രേഖപ്പെടുത്തിയ ഡാറ്റായുടെ കൃത്യത ഉറപ്പു വരുത്തുകയാണ്. |

| | | | |
|---|---|---|---|
| (ഡി) | പുതുക്കിയ റേഷൻ കാർഡിനുള്ള അപേക്ഷ, അക്ഷയ കേന്ദ്രങ്ങൾ വഴിയോ അല്ലാതെയോ ഓൺലൈനായി സ്വീകരിച്ചിരുന്നു വെങ്കിൽ സമാന സാഹചര്യം ഉണ്ടാകുമായിരുന്നോ എന്ന് വിലയിരുത്തിയിട്ടുണ്ടോ; | (ഡി) | അവരവരുടെ റേഷൻ കടകളിലൂടെ അപേക്ഷ സ്വീകരിക്കുന്നതാണ് ഗുണഭോക്താക്കൾക്ക് സൗകര്യം, അതിനാലാണ് എ.ആർ.ഡി.കൾ വഴി വിതരണം നടത്തിയത്. അക്ഷയ കേന്ദ്രങ്ങളേക്കാൾ അവരുടെ കടകളിൽ നിന്ന് അപേക്ഷ വാങ്ങുന്നതാണ് ജനങ്ങൾക്ക് സൗകര്യം. |
| (ഇ) | പുതുക്കിയ റേഷൻകാർഡ്, അപേക്ഷകർക്ക് അതിവേഗം നൽകുന്നതിനും പൊതുജന ങ്ങൾക്ക് ഇതുമായി ബന്ധപ്പെട്ട് കൂടുതൽ പ്രയാസങ്ങൾ സൃഷ്ടിക്കാതിരിക്കുന്നതിനും ശ്രദ്ധ നൽകുമോ? | (ഇ) | പുതിയ കാർഡുകൾ 31.03.2016 മുതൽ വിതരണം ചെയ്യുന്നതിനാണ് ലക്ഷ്യമിട്ടി രിക്കുന്നത്. നിലവിലുള്ള കാർഡിൽ എല്ലാ ആനുകൂല്യങ്ങളും ഗുണഭോക്താക്കൾക്ക് ലഭിക്കുന്നുണ്ട്. |

Thulasi

*സെക്ഷൻ ഓഫീസർ*